(ഡി) വേക്കൻസി റിപ്പോർട്ട് ചെയ്യാത്ത ഡിപ്പാർട്ടുമെന്റുകൾക്ക് എത്രയും പെട്ടെന്ന് വേക്കൻസി റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകുമോ;

(ഇ) താൽക്കാലികമായി നിയമിച്ചിട്ടുള്ളവരെ ഒഴിവാക്കി നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ),(ബി),(സി)&(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) നിർദ്ദേശങ്ങൾ നിലവിലുണ്ട്.

33 (1393) സെക്രട്ടേറിയറ്റിലെ കുറവ് ചെയ്ത തസ്തികകൾ

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സെക്രട്ടേറിയറ്റിൽനിന്ന് ഈ ഗവൺമെന്റിന്റെ കാലത്ത് എത്ര തസ്തികകൾ കുറവു ചെയ്തു; ഏതെല്ലാം തസ്തികകൾ;

(ബി) ഈ തസ്തികകളിൽ ജോലി ചെയ്തിരുന്നവരെ എങ്ങോട്ടാണ് മാറ്റിയതെന്ന് അറിയിക്കുമോ;

(സി) ഈ സീറ്റുകളിലെ ജോലി ഇപ്പോൾ എപ്രകാരമാണ് ചെയ്യുന്നത്;

(ഡി) സെക്രട്ടേറിയറ്റിലെ ജോലിഭാരത്തെപ്പറ്റി എന്തെല്ലാം പഠനങ്ങൾ നടത്തിയിട്ടുണ്ട്;

(ഇ) ഇവയിൽ തെളിഞ്ഞ കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തസ്തികകൾ കുറവ് ചെയ്തിട്ടില്ല. പുനർവിന്യസിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ : 7

അസിസ്റ്റന്റ് : 30

(ബി) പെർഫോമൻസ് ഓഡിറ്റ് വിംഗിലേയ്ക്കാണ് പുനർവിന്യസിച്ചിട്ടുള്ളത്.

(സി) അതാതു വകുപ്പുകളിൽതന്നെ പുനഃക്രമീകരണങ്ങൾ ചെയ്തുവരുന്നു.

(ഡി) സെൻകമ്മിറ്റിയുടെ നിർദ്ദേശാനുസരണം നടത്തിയ പ്രവൃത്തി പഠനം കൂടാതെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ (1996-98) 12-ാം റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റിൽ വിശദമായ ഒരു പ്രവൃത്തി പഠനം ഇപ്പോൾ നടത്തി വരികയാണ്. ഇതുകൂടാതെ നിയമ വകുപ്പിലെ ജോലിഭാരത്തെ സംബന്ധിച്ച് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയും (91-93) പഠനം നടത്തിയിട്ടുണ്ട്.

(ഇ) പി. ആന്റ് എ.ആർ.ഡി. യുടെ പ്രസ്തുത പ്രവൃത്തി പഠനം പൂർത്തിയാക്കിയശേഷം മാത്രമേ പൂർണ്ണ വിവരം ലഭിക്കുകയുള്ളൂ.

34 (1394) ഇൻഫർമേഷൻ ടെക്നോളജി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) 1999-2000-ാമാണ്ടിലേയ്ക്ക് എത്ര കോടി രൂപയാണ് ഇൻഫർമേഷൻ ടെക്നോളജിക്കു വേണ്ടി നീക്കിവച്ചിട്ടുള്ളത്;

(ബി) ഈ വർഷം ഏതെല്ലാം വകുപ്പുകളിലാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ പദ്ധതി നടപ്പിലാക്കാനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള സംഖ്യയും കാലയളവും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഓരോ വകുപ്പിന്റെയും 1999-2000-ാമാണ്ടിലെ പദ്ധതിവിഹിതത്തിന്റെ 3% വരെ തുക ഇൻഫർമേഷൻ ടെക്നോളജി അടിസ്ഥാനമാക്കിയുള്ള പദ്ധതികൾക്കായി ചെലവഴിക്കാൻ അനുവദിച്ചിട്ടുണ്ട്.

(ബി) ആദ്യ ഘട്ടത്തിൽ, സംസ്ഥാനത്തെ 34 വകുപ്പുകളിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. വകുപ്പുകളുടെ പേരുവിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(സി) വകുപ്പു സെക്രട്ടറി അദ്ധ്യക്ഷനായി വകുപ്പുതല കർമ്മസമിതികൾ രൂപീകരിക്കുകയും, ഓരോ വകുപ്പിലെയും സർക്കാർതല കമ്പ്യൂട്ടർവൽക്കരണം രണ്ടുവർഷംകൊണ്ട് പൂർത്തിയാക്കാൻവേണ്ട ഐ.ടി ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. ഫലപ്രദവും സമയബന്ധിതവുമായും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വം വകുപ്പുതല കർമ്മസമിതികളിൽ നിക്ഷിപ്തമാണ്. പദ്ധതി നടപ്പാക്കുന്നതിന് ഓരോ വകുപ്പിനും അവരുടെ 1999-2000-ാമാണ്ടത്തെ പദ്ധതിവിഹിതത്തിന്റെ 3% തുക വരെ ചെലവാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

35 (1395) ഫ്ളൈയിംഗ് ക്ലബ്ബിന് വിമാനങ്ങൾ

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ഫ്ളൈയിംഗ് ക്ലബ്ബിനുവേണ്ടി വിമാനങ്ങൾ വിലയ്ക്ക് വാങ്ങിയിട്ടുണ്ടോ;

(ബി) വിമാനങ്ങൾ വാങ്ങുന്നതിനുവേണ്ടി ടെണ്ടർ വിളിച്ചിരുന്നുവോ;

(സി) ഏതെല്ലാം പത്രങ്ങളിൽ ടെണ്ടർ പരസ്യപ്പെടുത്തിയിരുന്നു;

(ഡി) എത്ര ടെണ്ടറുകൾ ലഭിച്ചു; കുറഞ്ഞ ടെണ്ടർ ആരിൽ നിന്നാണ് ലഭിച്ചത്; അതെത്രയാണ് എന്നു വെളിപ്പെടുത്തുമോ;

(ഇ) ടെണ്ടർ വിളിച്ചില്ലാ എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(എഫ്) വിമാനം വാങ്ങിയത് ആരിൽ നിന്നാണ്; ഓരോ വിമാനവും തിരുവനന്തപുരത്ത് എത്തിയപ്പോൾ എന്തു ചെലവുവന്നു?

ഉത്തരം

† അനുബന്ധം - I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

5.7.'99 ലെ സഭയുടെ പരിഗണിക്കാത്ത ചോദ്യം നമ്പർ 34 (1394) മറുപടി കാണുക

ANNEXURE

LIST OF DEPARTMENTS

GROUP I

1. LAND REVENUE COMMISSIONERATE
2. LAND BOARD
3. SURVEY DEPARTMENT
4. REGISTRATION DEPARTMENT

GROUP I I

5. CIVIL SUPPLIES DEPARTMENT
6. LEGAL METROLOGY

GROUP V

7. DIRECTORATE OF TREASURIES
8. NATIONAL SAVINGS DIRECTORATE
9. STATE INSURANCE DEPARTMENT
10. LOTTERIES DIRECTORATE

GROUP VI

11. COMMERCIAL TAXES
12. EXCISE
13. MOTOR VEHICLES

GROUP X

14. DIRECTOR OF AGRICULTURE
15. DIRECTOR OF SOIL SURVEY
16. DIRECTOR OF SOIL CONSERVATION
17. ANIMAL HUSBANDARY DEPARTMET
18. LAND USE BOARD
19. GROUND WATER DEPARTMENT

GROUP XIII

20. CHIEF TOWN PLANNER
21. DIRECTOR OF PANCHAYATS
22. DIRECTOR OF MUNICIPAL ADMINISTRATION

LIBRARY ARCHIVES Kerala Legislative Assembly

23. RURAL DEVELOPMENT COMMISSIONER

GROUP XIV

24. DIRECTOR OF SOCIAL WELFARE
25. DIRECTOR OF SC DEVELOPMENT DEPARTMENT
26. DIRECTOR OF TRIBAL WELFARE
27. DEPARTMENT OF SAINIK WELFARE

MISCELLANEOUS GROUP

28. LABOUR COMMISSIONER
29. DIRECTOR OF EMPLOYMENT AND TRAINING
30. REGISTRAR OF CO-OPERATIVE SOCIETIES
31. STATE PLANNING BOARD
32. DIRECTORATE OF HIGER SECONDARY EDUCATION
33. DIRECTORATE OF COLLEGIATE EDUCATION
34. DIRECTORATE OF TECHNICAL EDUCATION

അനുബന്ധം II

5.7.'99 ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 100(1460) ദയവായി കാണുക.

മൂന്നാംവാർഷികത്തോടനുബന്ധിച്ച് അച്ചടിച്ച പുസ്തകങ്ങളുടെയും പോസ്റ്ററിന്റെയും വിശദവിവരം

പ്രസിദ്ധീകരണങ്ങൾ

1. കർമനിരതം, കാര്യക്ഷമം	30,000 കോപ്പികൾ
2. ഊർജസ്വലം, മാതൃകാപരം	30,000 കോപ്പികൾ
3. ലക്ഷ്യബോധത്തോടെ ചാരിതാർത്ഥ്യത്തോടെ	30,000 കോപ്പികൾ
4. പ്രശാന്തം പ്രവർത്തന നിരതം	30,000 കോപ്പികൾ
5. ഉറച്ച കാൽവെയ്പോടെ മുന്നോട്ട്	30,000 കോപ്പികൾ
6. അടിസ്ഥാനപ്രശ്നങ്ങൾക്ക് മുൻതൂക്കം	30,000 കോപ്പികൾ
7. അധികാരകൈമാറ്റത്തിന്റെ നിശബ്ദ വിപ്ലവം	30,000 കോപ്പികൾ
8. പുത്തനുണർവ്വ്, പുതിയ സമീപനം	30,000 കോപ്പികൾ
9. കർമപഥങ്ങളിൽ നിശ്ചയദാർഢ്യത്തോടെ	30,000 കോപ്പികൾ
10. സമഗ്രവികസനത്തിന്റെ ശംഖൊലി	30,000 കോപ്പികൾ
11. പുരോഗതിയുടെ പടവുകൾ	30,000 കോപ്പികൾ
12. ഭദ്രം:വികസനോന്മുഖം	30,000 കോപ്പികൾ

LIBRARY ARCHIVES Kerala Legislative Assembly